പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 273 | 10.07.2015 - ൽ മറുപടിയ്ക്ക് |
|---|---|
| **ജെൻഡർ പാർക്കുകൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ആർ. സെൽവരാജ്**<br>**" ലൂഡി ലൂയിസ്**<br>**" സണ്ണി ജോസഫ്**<br>**" എം.പി.വിൻസെന്റ്** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സ്ത്രീകളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; | (എ) സ്ത്രീകളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതി ഇത്തരത്തിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. വനിതകളുടെ സാമ്പത്തിക സാമൂഹ്യ പുരോഗതിയ്ക്കായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ജെൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ കോഴിക്കോട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 24 ഏക്കർ സ്ഥലത്തായിരിക്കും ആദ്യത്തെ ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. ഇതു കൂടാതെ ക്യാമ്പസിന് പുറത്തുള്ള വിവിധ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ: | (സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ലാഭേച്ഛയില്ലാത്ത പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായിട്ടാണ് ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. ജെൻഡർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് പദ്ധതിയായ 'ഷീ-ടാക്സി' കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടുകൂടി നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടാതെ 'ഫുഡ് ഓൺ വീൽസ്' എന്ന നൂതന പദ്ധതി കുടുംബശ്രീ മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) കോഴിക്കോട് നിലവിൽ വരുന്ന ജെൻഡർ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2015 ഏപ്രിൽ മാസം ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ട നിർമ്മാണം 15 മാസം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പരിപാടികളിൽ ആദ്യത്തേതായി വനിതാ യാത്രക്കാർക്ക് വേണ്ടി വനിതകളുടെ ഉടമസ്ഥത യിലുള്ളതും വനിതകൾ ഓടിക്കുന്നതുമായ 'ഷീ-ടാക്സി' പദ്ധതി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ 'ഫുഡ് ഓൺ വീൽസ്' തുടങ്ങി വിവിധ പദ്ധതികൾ ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ